"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവല്ല നഗരസഭ - അനശ്വര നടൻ എം.ജി സോമന്റെ അനുസ്മരണ പരിപാടികൾക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3023/2022/LSGD തീയതി,തിരുവനന്തപുരം, 06-12-2022

---

പരാമർശം:- 1. തിരുവല്ല നഗരസഭ സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന 22.11.2022. തീയതിയിലെ അപേക്ഷ.

2. നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 25.11.2022 തീയതിയിലെ ശുപാർശ.

**<u>ഉത്തരവ്</u>**

തിരുവല്ല സ്വദേശിയും അനശ്വര നടനുമായ എം.ജി സോമന്റെ ഇരുപത്തിയഞ്ചാം ചരമ വാർഷികത്തോടനുബന്ധിച്ച് എം.ജി സോമൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ 2022 നവംബർ 17 മുതൽ ഡിസംബർ 19 വരെ സംഘടിപ്പിക്കുന്ന കലാ സാംസ്കാരിക പരിപാടികൾക്ക് നഗരസഭയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ട് എം.ജി സോമൻ ഫൗണ്ടേഷൻ ചെയർമാൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 21-11-2022 ൽ ചേർന്ന നഗരസഭ കൗൺസിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ സംഘടനയ്ക്ക് നൽകുന്നതിനു തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചു കൊണ്ട് പ്രസ്തുത അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം(2) പ്രകാരം ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവല്ല സ്വദേശിയും അനശ്വര നടനുമായ എം.ജി സോമന്റെ ഇരുപത്തിയഞ്ചാം ചരമ വാർഷികത്തോടനുബന്ധിച്ച് എം.ജി സോമൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ 2022 നവംബർ 17 മുതൽ ഡിസംബർ 19 വരെ സംഘടിപ്പിക്കുന്ന കലാ സാംസ്കാരിക പരിപാടികൾക്ക് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി /ചെയർമാൻ, തിരുവല്ല നഗരസഭ.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sheeba Beegom.a.m**
**Date: 06-12-2022 13:13:16**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്